54

# നബി (സ) യുടെ
# പത്ത് പ്രത്യേകതകൾ

ഒരുപത്ത് പ്രത്യേകത നബിക്കു പ്രസിദ്ധമ
സുഹൃത്തുക്കളേ താഴോട്ട് നോക്കതുവ്യക്തമാ
കോട്ടുവായ് നബിക്കില്ലാത്തതാണതിലൊന്ന്
ഇരിക്കാത്തതാണേ ഈച്ച (1)ജസദിൽവന്ന്
മുൻഭാഗംപോലാ കാഴ്ച നബിയിൽ പിന്നിലും
അതുപോലെ സ്ഖലനവുമില്ലുറക്കിലൊരിക്കലും
ഏതൊരു സദസ്സിൽ നബി ഇരുന്നാൽപിന്നെ
ചുമലവരിലെല്ലാം ഉയരുമെന്നാ പൊന്നേ
ഭൂമിക്കുമുകളിൽ കാണലില്ലാമൂത്രവും
അതുപോലെ ഭൂമിവിഴുങ്ങുമെന്നാ കാഷ്ഠവും
കണ്ണിന്നുറക്കം ഉണ്ട് എന്നാൽതന്നെയും
(2)ഖൽബിന്നുറക്കം ഇല്ല എന്നാ തീരെയും
കണ്ടാൽ മൃഗങ്ങൾ ഓടലില്ലെന്നുണ്ട്
നിഴലില്ല (3)ശംസിൽ എന്നതും നബിക്കുണ്ട്
പ്രസവിച്ചഹാലിൽ തന്നെ നബി (4)'മഖ്തൂന'
ഇവ പാഠമിട്ടവനെപ്പൊഴും (5)'മഅമൂനാ'
കള്ളന്റെ (6)ഫിത്നയിൽനിന്ന് ഒഴിയും എന്ന
കൂടാതെ തീ ഭയവും അവന്നില്ലെന്നാ

---

1. ശരീരം 2. ഹൃദയം 3. സൂര്യൻ 4. ചേലാകർമ്മം ചെയ്തവർ 5. നിർഭയം 6. കവർച്ച

ഇത് എഴുതി വീട്ടിൽവെച്ചിരുന്നാലും ഇതെ
ഫലമുണ്ട് എന്നാണേ സുഹൃത്തേ വന്നതേ
(1)മറാഖിയായിൽ നോക്ക് മുന്നിൽവന്നത
ജവാഹിറുൽഅഷ്ആരിലും പറയുന്നതാ
ഒരു സ്ത്രീ ഹസൻബസരിയ്യു തന്നോടൊരുദിനം
പറയുന്നു വ്യസനംപൂണ്ടതാണല്ലോ മനം
മകളൊന്നെനിക്കുണ്ടായിരുന്നു മരിച്ചുപോയ്
എനിക്കൊന്ന് അവളെക്കാണണം സ്വപ്നത്തിലായ്
അതിനുള്ള മാർഗ്ഗം തങ്ങളിൽ നിന്നാണ്
കിട്ടേണ്ടതും അതുതേടി വന്നവളാണ്
എന്തോപറഞ്ഞുകൊടുത്തു കാണാനുള്ളത്
അതുകേട്ടു സന്തോഷത്തിലാണ് നടന്നത്
പിന്നീട് സ്വപ്നംകണ്ടു ഗുരുതരശിക്ഷയിൽ
കൈകാല് ചങ്ങലഇട്ട് പൂട്ടിയരീതിയിൽ
വിവരം ഹസൻബസ്വരിയ്യു തന്നെക്കണ്ടവൾ
പറയുന്നതായ് ഒലിക്കുന്നുമുണ്ടിരുകണ്ണുകൾ
അതുകേട്ട് താൻ വല്ലാതെ വ്യസനംപൂണ്ട്
അവളും പതുക്കെ മടങ്ങി ദുഃഖമിലാണ്ട്
പിന്നൊരുദിനം ഹസനെന്നവർ (2)'താജു'ള്ളതായ്
കാണുന്നു പെണ്ണിനെ സ്വപ്നമിൽ സ്വർഗ്ഗത്തിലായ്
അപ്പോൾ അവൾ ചോദിച്ചു എന്താ അറിയുമേ
എന്റുമ്മ പണ്ട് പറഞ്ഞവിവരം ഓർക്കുമോ
ഉടനടി മഹാൻചോദിച്ചു എന്താ നിന്നെ
ഈ സ്ഥിതിയിലാക്കാൻ കാരണം പറപൊന്നേ
'കിടക്കുന്ന മഖ്ബറ' തൊട്ടടുത്തു നടന്നുപോയ്
ആരോ ഒരൊറ്റ 'സ്വലാത്ത്' ഹദ്‌യാചെയ്തതായ്

1. ഒരു ഗ്രന്ഥം 2. കിരീടം